(ബി) മലബാർ ദേവസ്വം ബോർഡിൽ അതാത് ക്ഷേത്രഭരണാധികാരികളും ഭക്തജനങ്ങളും ചേർന്നാണ് ഇത്തരം പദ്ധതികൾ ചെയ്തുവരുന്നത്. കൊച്ചി ദേവസ്വം ബോർഡും ഇക്കാര്യത്തിൽ ക്ഷേത്ര ഉപദേശകസമിതികളുടെ സഹായം തേടുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡും ഇക്കാര്യത്തിൽ ക്ഷേത്രോപദേശക സമിതികളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

"തീർത്ഥാടന ടൂറിസം"

197 (6116) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ദേവസ്വം ബോർഡിന്റെ കീഴിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തീർത്ഥാടന ടൂറിസം വികസിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി സ്വകാര്യ ടൂറിസ്റ്റ് സംരംഭകരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള കുറച്ചു ക്ഷേത്രങ്ങൾ ഒരു പിൽഗ്രിം സർക്യൂട്ടിൽ ഉൾപ്പെടുത്തി ധാരണാപത്രം തയ്യാറാക്കുന്ന കാര്യം ആലോചനയിലുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

"തീർത്ഥാടന ടൂറിസം"

198 (6117) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പുമായി സഹകരിച്ച് പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly